

# നോമ്പുകാല ചിന്തകൾ

Deepam Bible Study



EVP

ഓരോ വർഷവും നോമ്പുകാലം നമ്മെ തേടി വരാറുണ്ടല്ലോ. അവ നമ്മുടെ മനസ്സിൽ എന്തൊക്കെയോ, ബാക്കിയാക്കി കടന്നുപോകുന്നു. നോമ്പുകാലത്തിന്റെ പ്രസക്തിയെക്കുറിച്ച് നിരവധി ചോദ്യങ്ങൾ ഉണ്ടാവാം. മനഃചിന്തയിൽ മാനസാന്തരം, വീണ്ടുവിചാരം തുടങ്ങിയവ മനസ്സിൽ വേരുപിടിക്കണമെന്നതാണ് ഈ ക്രമീകരണങ്ങൾ കൊണ്ട് സഭകൾ ഉദ്ദേശിക്കുന്നത്.

അനുതപിക്കാനും പ്രതിവിധികൾ സന്തോഷത്തോടെ അനുഷ്ഠിക്കാനും കഴിയുമ്പോൾ, നോമ്പു കാലം ചലനാത്മകമായ ഒരു ധന്യതയാണ്. സന്തോഷകരമായ പര്യവസാനം ഉത്ഥാനാഘോഷത്തോടെ ലഭ്യമാകുകയും ചെയ്യും.

ജീവിതത്തെ യാത്രയായി വിശേഷിപ്പിക്കാറുണ്ട്. ഒരിടത്തു ജനനം ഒരിടത്ത് മരണം. സുഗമയാത്രക്ക് വഴിയാവശ്യം. തന്റെ പ്രഭാഷണങ്ങളുടെ കൂട്ടത്തിൽ യേശു അരുളിചെയ്തു. “ഞാൻ തന്നെ വഴിയും സത്യവും ജീവനുമാകുന്നു”. വഴിയറിയാതെ സഞ്ചരിക്കുമ്പോൾ - അപ്രതീക്ഷിത സംഭവങ്ങളുണ്ടാകുന്നു. പ്രലോഭനങ്ങളിൽ നാം അകപ്പെടുന്നു. യാത്രയുടെ ലക്ഷ്യവും ഗതിയും മാറുന്നു. മനസ്സിൽ ആകുലത കൂടുകൂട്ടുന്നു. മതമാണല്ലോ മനുഷ്യന്റെ ആകുലതകൾക്ക് വിവിധ പരിഹാരങ്ങൾ നിർദ്ദേശിക്കുന്നത്. നോമ്പുകാലം ആകുലതകളെ അതിജീവിക്കുവാൻ സഹായിക്കുന്നു. നമുക്കും നമ്മുടെ ആകുലതക്കുമിടയിൽ നസ്രേത്തിലെ യേശുവിനെ പ്രതിഷ്ഠിക്കുക. കാരണം അവിടുന്ന് നമ്മുടെ നന്മ മാത്രം ആഗ്രഹിക്കുന്നു. നമ്മുടെ ഹൃദയത്തിലെ നിഗൂഢകയങ്ങൾ കയറിയിറങ്ങി നമ്മിലെ നന്മയും വിശ്വസ്തതയുടെ ആഴവും അവിടുന്ന് പരിശോധിക്കുന്നു. അവൻ നിന്നെ തൂക്കി നോക്കുമ്പോൾ - നീ കുറവ് ഉള്ളവനായി കാണരുത്.

അതിനാൽ ഏതു നിമിഷവും സ്വയപരിശോധനക്ക് നാം വിധേയരാകുന്നത് ഉത്തമം. സ്വയപരിശോധന-നമ്മുടെ ഹൃദയത്തിലെ ദൈവചിന്തയുടെ ലഘുത്വം നമ്മെ ബോദ്ധ്യപ്പെടുത്തും. നമ്മുടെ ലഘുത്വത്തിൽ നിന്ന് ദൈവത്തിന്റെ മഹത്വം തിരിച്ചറിയുക. നോമ്പുകാല ഉപവാസവും പ്രാർത്ഥനയും, നാം കൈവശപ്പെടുത്താനാഗ്രഹിക്കുന്ന രക്ഷയുടെ അനുഭവത്തിലേക്ക് നമ്മെ കൂട്ടികൊണ്ടുപോകും. ഇന്നുകൾ, നാളെ ഇന്നലകളായി മാറും. അതുകൊണ്ട് വേഗമാകട്ടെ - എന്നതായിരിക്കണം നോമ്പുകാലത്തിന്റെ നോട്ടീസ്.

മനുഷ്യജീവിതത്തിന്റെ മുഖവുര മതചരിത്രത്തിൽ രേഖപ്പെടുത്തിയത്, നസ്രേത്തിലെ യേശുവാണ്. നിങ്ങൾക്ക് ഈ ഭൂമിയിൽ ദുരുതമുണ്ടെന്ന് അവിടുന്ന് നമ്മെ ഓർമ്മിപ്പിച്ചു. തന്റെ ഇഹലോകവാസം അതിനാൽ ക്രമപ്പെടുത്തി. മൂന്ന് വർഷം ഇരുപത്തിയഞ്ച് മൈയിൽ ചുറ്റളവിൽ പ്രവർത്തിക്കുവാൻ - മുപ്പതുവർഷം അവിടുന്ന് തയ്യാറെടുത്തു. ഉപവാസവും പ്രാർത്ഥനയും കൊണ്ട് ആത്മനിയന്ത്രണം എവിടം വരെയാണ് നമുക്ക് കാട്ടി തന്നു. തന്റെ ദൗത്യനിർവ്വഹണത്തിന്റെ ഊർജം പ്രാർത്ഥനയിലും ഉപവാസത്തിലും, എന്തിന് മൗനത്തിലും അവിടുന്ന് ഒളിപ്പിച്ചു. ഇപ്രകാരം മൊത്തം ശക്തി ശേഖരിച്ചത് - ഒരേ ഒരു കാര്യസാധ്യത്തിനായി മാത്രം - പാപലോകത്തുനിന്ന് തന്റെ സൃഷ്ടിയെ തിരികെ അവിടുന്ന് അവകാശപ്പെട്ടു.

ക്രമപ്പെടുത്തുന്ന ജീവിതം കൊണ്ട് പ്രതിസന്ധികളെ തരണം ചെയ്യുവാൻ കഴിയുമെന്ന് യേശു മനുഷ്യനെ പഠിപ്പിച്ചു. പ്രകൃതിക്കും ഋതുഭേദങ്ങൾക്കും അടുക്കും ചിട്ടയുമുണ്ട്. അവ താളം തെറ്റുമ്പോൾ- എല്ലാം അവതാളത്തിലാകുന്നു. അതിനാൽ നോമ്പുകാലം അനുഷ്ഠാനപ്രദമാകണം. നോമ്പുകാലാചരണം സ്നേഹം വളമാക്കി ആത്മീയത കൃഷി ചെയ്യുകയാണ്. നല്ല ഫലം കായ്ക്കുന്നത് നമുക്ക് തൃപ്തിയും പിതാവിന്റെ സന്തോഷവും. ഫലങ്ങൾ നിറഞ്ഞു നില്ക്കുന്ന നമ്മുടെ മനസ്സിലേക്ക് തല കുനിച്ച് നോക്കുക. അനുഭവങ്ങളുടെ രുചിഭേദങ്ങളുടെ ജീവിതത്തെ രൂപപ്പെടുത്തുവാൻ നോമ്പുകാലം നമ്മെ സഹായിക്കും. നമ്മുടെ മൗനത്തിനും, നിശബ്ദതക്കും ആത്മാവിനെ നിയന്ത്രിക്കുവാൻ കഴിയും. തെറ്റായ വഴികളും തീരുമാനങ്ങളും നമുക്ക് തരുന്നത് പരിതാപകരമായ അനുഭവമാണ്. ഇത് ആത്മീയ അധഃപതനം. എന്നാൽ നോമ്പുകാലധന്യ ചിന്ത നമ്മെ ഒരു ക്രൈസ്തവ ജീവിത യാത്രക്കായി ഒരുക്കും. യേശുവിനെ തേടിയുള്ള യാത്ര വചനത്തിൽ നിന്നുള്ള ഉണർവ്വ് പ്രേരിപ്പിക്കുന്ന ഓട്ടമാണ്. സമർപ്പണവും അനുസരണവുമാണ് ഈ ഓട്ടത്തിന്റെ പ്രേരകശക്തി, എന്ന് ഓർമ്മിപ്പിക്കുകയാണ് നോമ്പുകാലം.

നമുക്ക് സെമിത്തേരികൾ പരിചിതമാണ്. ശിലാ ഫലകങ്ങൾ നമ്മെ - സ്വാധീനിക്കുകയോ വേദനിപ്പിക്കുകയോ ചെയ്യും. ഡൽഹിയിലെ, ബ്രിട്ടിഷുകാരുടെ മൃതശരീരമടക്കം ചെയ്ത - സെമിത്തേരിയിലെ ഫലകങ്ങൾ ജീവിതത്തെക്കുറിച്ച് ചിന്തിക്കാൻ പ്രേരിപ്പിക്കുന്നവയാണ്. ജർമ്മനിയിലെ മരിയനൗ സെമിത്തേരിയിൽ ഒരു ശിലാഫലകത്തിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു - “ഞങ്ങൾ പേരില്ലാതെ ജീവിച്ചു. പേരില്ലാതെ മരിക്കുന്നു. എന്നാൽ ഞങ്ങളുടെ പേരുകൾ ദൈവത്തിന്റെ ഉള്ളംകയ്യിൽ കൊത്തിവെച്ചിട്ടുണ്ട്” - മരണത്തിന് ശേഷവും പ്രകടിപ്പിച്ച പ്രതാപമാണല്ലോ ടാജ്മഹലും, പിരമിഡും. കൂടാതെ എത്രയെത്ര കനകകല്ലറകൾ. ഒന്നും തുറക്കപ്പെട്ടിട്ടില്ല. എന്നാൽ യേശുവിന്റെ കല്ലറ തുറന്നതും ശൂന്യവുമാണ്. ഒരുനാൾ തുറക്കപ്പെടുന്ന ഒരു കല്ലറക്ക് വേണ്ടി മാത്രമാണ് മനുഷ്യൻ ഓടുന്നത്. അത് യേശു നമുക്ക് കാട്ടിതന്നു.

സ്ഥാനമാനങ്ങൾ, പദവികൾ, വിശേഷണ നാമങ്ങൾ തങ്കത്തിൽ പൊതിഞ്ഞ മേലങ്കികൾ, ഇവയൊക്കെ സ്വന്തം കല്ലറകൾ തുറക്കപ്പെടുവാൻ തടസ്സമാകരുത്. രഹസ്യങ്ങൾ അറിയുന്ന പിതാവിനെ രഹസ്യത്തിൽ സമീപിക്കുവാൻ (വി. മാത്യു. 6:4,5,6) അവിടുന്ന് നമ്മെ ഉപദേശിച്ചു. പരസ്യവും വിശേഷനാമങ്ങളും കൊണ്ട് - ദൈവത്തെ ആകർഷിക്കുവാൻ കഴിയുകയില്ല. കാരണം ആദ്യപരസ്യം തന്നെ ദൈവത്തെ ചതിക്കുന്നതായിരുന്നു. (കാണ്മാൻ ഭംഗി - തിന്മാൻ രുചി - ഏദനിലെ കനി). രഹസ്യ ത്തിലെ പിതാവിന്റെ പ്രതിഫലനമാണ് യേശു. അത്ഭുതപ്രവർത്തിയിലും ഉത്ഥാനത്തിനുശേഷമുള്ള സമീപനംപോലും രഹസ്യത്തിലുള്ള പിതാവിനെ പ്രതിഫലിപ്പിക്കുന്നതായിരുന്നു. ഏതധികാര ശക്തിയെപോലും വെല്ലുവിളിക്കുന്ന ഉത്ഥാനം - അവിടുന്ന് പരസ്യമായി ഉപയോഗപ്പെടുത്തിയില്ല. നാമിപ്പോഴും ഏദൻ തോട്ടത്തിലെ വൃക്ഷചുവട്ടിലാണ്. സ്വീകരിക്കാം, നിരാകരിക്കാം, ഈ സ്വാതന്ത്ര്യം നമ്മുടെ ഇച്ഛാശക്തിക്ക് ദൈവം വിട്ടുതന്നിരിക്കുന്നു. നാം ആരുമറിയാതെ ദൈവത്തിന് മുമ്പിൽ തല കുനിക്കുന്നുവോ, ആത്മനൊമ്പരത്താൽ മുട്ട് മടക്കുന്നുവോ രഹസ്യങ്ങൾ അറിയുന്ന പിതാവായ ദൈവം നമുക്ക് പ്രതിഫലം തരും. ഇതായിരിക്കട്ടെ നോമ്പുകാലചിന്തയുടെ കാതൽ തത്വം.

നമ്മുടെ ജ്ഞാനത്തിനുസരണമായി ഓരോന്നും വിലയിരുത്തുന്നവരാണ് നാം. എന്നാൽ നമ്മുടെ ജീവിതത്തേയും നാം അധിവസിക്കുന്ന ലോകത്തേയും ഏതു കണ്ണിലൂടെയാണ് നാം നോക്കുന്നത്. പൂർണ്ണ ഹൃദയത്തോടെയന്വേഷിക്കുമ്പോൾ കണ്ടെത്തനാകുമെന്ന് യിരമ്യ പ്രവാചകൻ നൂറ്റാണ്ടുകൾക്ക് മുമ്പേ രേഖപ്പെടുത്തി. കണ്ണുള്ളവൻ കാണട്ടെയെന്ന് യേശു അരുളിചെയ്തു. നോമ്പനുഷ്ഠാനത്തിൽ, നാം യേശുവിന്റെ കണ്ണിലൂടെ ലോകത്തേയും ദൈവത്തെയും കാണാൻ ശ്രമിക്കുക. നമ്മുടെ ഹൃദയത്തിലേക്ക് തന്നെ സൂക്ഷിക്കുക. അവിടെ എന്തൊക്കെയോ സുഖമായി ഉറങ്ങികിടക്കുന്നില്ലെ. കുറ്റബോധം, വെറുപ്പ്, നിരാശ, ഭയം - എന്തുകൊണ്ട് ഇവ നമ്മുടെ ഹൃദയത്തിൽ വാസമുറപ്പിച്ചു. ചെവി തുറക്കുവാനും ഹൃദയം ഒരുക്കുവാനും നാം പരാജയപ്പെട്ടുപോയി (യാക്കോബ് 1:22) കാൽവരിയിലെ ഏതാനും മണിക്കൂറുകൾക്കുവേണ്ടി ഇഹലോകജീവിതം മുഴുവൻ അവിടുന്ന് ഒരുങ്ങി, സഹനം ശീലിച്ചു, എന്നിട്ടോ കഴിയുമെങ്കിൽ ആ ദാരുണ പാനപാത്രം ഒഴിവാക്കുവാൻ - പിതാവിനോടപേക്ഷിച്ചു. അപ്പോൾ നാമെത്ര നിസ്സാരർ. നമ്മെ വേദനിപ്പിക്കുന്ന ചിന്തയായി യേശു നമ്മിൽ ചുറ്റി നില്ക്കണം - നോമ്പുകാലങ്ങളിൽ. നമുക്ക് ആശ്വാസം അവിടുന്നരുളിയ വചനം മാത്രം. എല്ലാമഴിയുകയും ഒഴിയുകയും ചെയ്യും. “എന്റെ വചനം നില നില്ക്കും” - അതിനാൽ വചനം നമുക്ക് ദിവ്യസന്ദേശമായി കരുതി അത്ഭുതത്തോടും ബഹുമാനത്തോടുകൂടി നോമ്പുനാളുകളിൽ ഹൃദയത്തിൽ സംഗ്രഹിക്കാം.

ദൈവം കാത്തിരിക്കുന്നു - ഒരിക്കൽ മഹാത്മ ഗാന്ധി ഇപ്രകാരം പറഞ്ഞു “കുറ്റത്തെ വെറുക്കുക, കുറ്റവാളിയെ സ്നേഹിക്കുക”. ചിന്തിക്കുമ്പോൾ - ഇതൊരു ദൈവ സ്വഭാവമാണ്.

ആദിമ കാലത്ത് ദൈവം മനുഷ്യസമൂഹത്തിന് കല്പനകൾ നൽകിയത് - ഇഹത്തിലെ ജീവിതം വിജയകരമായി പൂർത്തിയാക്കാനാണ്. മനുഷ്യനെ നിരാശപ്പെടുത്തുന്നതിനായിരുന്നില്ല. ഇതുതന്നെ പല സന്ദർഭങ്ങളിലും വി. പൗലോസ് രേഖപ്പെടുത്തിയിട്ടുണ്ട്. യേശു ലോകത്തിലേക്ക് വന്നത് പാപികളെ രക്ഷിക്കുവാനുള്ള പദ്ധതിയുടെ ഭാഗമായിട്ടാണ്. അവിടുന്ന് അത് വ്യക്തമാക്കി. താൻ കാണാതെപ്പോയ ആടിനെ അന്വേഷിക്കുന്ന നല്ല ഇടയൻ. പാപിയുടെ മരണമല്ല പാപിയുടെ മാനസാന്തരത്തിൽ മനസ്സ് സന്തോഷിക്കുന്ന ദൈവത്തെയാണ് യേശു നമുക്ക് കാട്ടിതന്നതും. അതിനാൽ ചിന്തയിലും ജീവിതത്തിലും തിന്മയിൽ നിന്ന് പിന്തിരിയാനുള്ള ആഹ്വാനമാണ് നോമ്പുകാലം വിഭാവനം ചെയ്യുന്നത് - ഇതിനായി ദൈവം കാത്തിരിക്കുന്നു.

ദാഹിക്കുന്നവൻ എന്റെ സവിധം വന്ന് ആവോളം കുടിക്കട്ടെ എന്ന് അവിടുന്ന് അരുളിചെയ്യുമ്പോൾ ആത്മദാഹം ശമിപ്പിക്കുന്ന ഉറവയായി - നാം യോശുവിനെ ദർശിക്കുമോ? നോമ്പുകാലത്തിലെ ഒരു ചോദ്യമാകട്ടെയിത്. പുതിയൊരു തുടക്കത്തിന് സമയം വൈകിയിട്ടില്ല എന്നത് നോമ്പുകാല മുദ്രാവാക്യം. അതിനാൽ അല്പസമയം കഴിഞ്ഞല്ല വിളിക്കേണ്ടത്. അവിടുന്ന് തിരക്കിലല്ല. ഏതു സമയത്തും നമ്മുടെ കോളുകൾ തിരിച്ചറിയാൻ ദൈവത്തിന് കഴിയുന്നു. സമർപ്പിതഹൃദയത്തിൽ നിന്നുള്ള വിളിക്കായി ദൈവം നോമ്പുകാലത്ത് കാത്തിരിക്കുന്നു.

വി. യോഹന്നാന്റെ സുവിശേഷം ഒന്നാം അദ്ധ്യായത്തിൽ എന്താണ് മനുഷ്യന്റെ ആത്മവഞ്ചന, എന്നതിന് ഉത്തരം കാണാമല്ലോ. നമ്മിൽ പാപമില്ലന്ന് നാം പറയുന്നതോ വിശ്വസിക്കുന്നതോ - ആണിത്. ഇതിനാൽ പാപം ഹൃദയത്തിലെ രോഗമെന്ന് വിശേഷിപ്പിക്കപ്പെടുന്നു. വഴങ്ങാത്ത നാവിനെ ഒരു സംഗീതസംവിധായകന് ചിട്ടപ്പെടുത്താവൻ കഴിയാത്തതുപോലെ പാപഹൃദയത്തെ ദൈവത്തിന് ട്യൂൺ ചെയ്യുക സാദ്ധ്യമല്ല. നോമ്പുകാലം ദൈവത്തിനായി വഴങ്ങികൊടുക്കുക - ദൈവസ്തുതിയുടെ മെലോഡി പാടാൻ നമുക്ക് സാധിക്കും.

ദൈവം സ്നേഹമാകുന്നു - ഇതൊരു പ്രസിദ്ധ ബൈബിൾ വാചകം. യേശുവിന്റെ ആണിതറച്ച കരങ്ങളിലൂടെ നോക്കുമ്പോൾ ആ ഹൃദയം സ്നേഹം കൊണ്ട് നിറഞ്ഞിരുന്നത് നമുക്ക് ദൃശ്യമാകും. മറ്റാരുടെ ഹൃദയത്തിൽ നിന്നും ഇത്രയും രക്തം - ഇറ്റിറ്റു വീണുവോ ? ദൈവം സ്നേഹമാകന്നു, സ്നേഹമായ ദൈവത്തെ നാം സ്നേഹിക്കണം എന്നതിൽ ആരും തർക്കിക്കുകയില്ല. എന്നാൽ നാം കൂടുതൽ ആരെ സ്നേഹിക്കുന്നുവോ - ആ വ്യക്തിയെകുറിച്ച് നാം കൂടുതൽ പറയും, കൂടുതൽ ചിന്തിക്കും. നോമ്പുകാല ചിന്തയിൽ നാം ആലോചിക്കുക - എത്ര സമയം നാം അവനെ കുറിച്ച് ചിന്തിക്കുകയും സംസാരിക്കുകയും ചെയ്യാറുണ്ട്. സ്നേഹിക്കാൻ നമുക്ക് സമയം കിട്ടിയില്ല, നാം തിരക്കിലാണ് - ചിലപ്പോൾ പ്രതിസന്ധിയിലും. എന്നാൽ പ്രതിസന്ധികളെ അവസരമാകുവാൻ യേശു സഹായിക്കും. നോമ്പുകാലം നമുക്ക് ശുഭാവസരങ്ങൾ ലഭ്യമാകുവാൻ - രാവിലെ തന്നെ - അവന്റെ സന്നിധിയിൽ മുട്ടുമടക്കുക - സമർപ്പണത്തിന്റെ കാഴ്ചകുലകൾ - അവിടുന്ന് സ്വീകരിക്കും.

ഒരു കാലത്ത് - അർത്ഥമില്ലാത്ത ജീവിതത്തിന്റെ അർത്ഥമന്വേഷിക്കുന്നതാണ് മതമെന്ന് - ചിലരൊക്കെ പരിഹസിച്ചിരുന്നു. പലരും മതവിരുദ്ധത തന്നെ അവതരിപ്പിച്ചു. ഇന്ന് ശാസ്ത്രം മരണമില്ലാത്ത മനുഷ്യനെ സൃഷ്ടിക്കാൻ പരിശ്രമിക്കുന്നു. മതതത്വസംഹിതയിലെ നിത്യരാജ്യവാസം - ക്രൈസ്തവ വിശ്വാസ പ്രത്യേകതയാണ്, മതചരിത്രത്തിന്റെ തിരുത്താണ്. സ്നാപകയോഹന്നാന്റെ വാക്കുകൾ ശ്രദ്ധിക്കുക - സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു. മാനസാന്തരപ്പെടുവിൻ. അതായത് മാനസാന്തരപ്പെടാത്തവന് - സ്വർഗ്ഗരാജ്യത്തിൽ പ്രവേശമില്ല എന്നർത്ഥം.

മനുഷ്യന്റെ ശരീരത്തിൽ ആത്മാവ് ഉണ്ട്. ആത്മമുക്തി കൂടി ഉൾപ്പെടുന്ന - മനുഷ്യജീവിതപരി പൂർണ്ണതയാണ് യേശു അവതരിപ്പിച്ചത്. ആത്മനാശം സംഭവിച്ചാൽ സ്വർഗ്ഗത്തിൽ വംശനാശം സംഭവിക്കും. തിരക്കുപിടിച്ച ജീവിതത്തിൽ- ശരീരത്തെക്കാളുപരി ആത്മാവിനെ - ഉണർവ്വിൽ ഉപവിഷ്ടമാക്കാൻ നമുക്ക് കഴിയണം. ചുരുക്കത്തിൽ നോമ്പുകാലം ആത്മാവിനുള്ള കാലമാണ്. ഭൗതികനേട്ടങ്ങൾക്കായി ഓടുമ്പോൾ - നാം ദൈവത്തിൽ നിന്ന് വളരെ അകലെയാണ്. ദൈവഹൃദയവും നാമും തമ്മിലുള്ള വിടവിൽ, ശൂന്യതയിൽ - സാത്താൻ മുതലിറക്കുന്നു. ഏതു വിധേനയും ഇതൊഴിവാക്കുവാൻ - സ്വർഗ്ഗം ആഗ്രഹിക്കുന്ന അനുതാപം കൊണ്ട് ഹൃദയത്തിലെ ശൂന്യത - നികത്തുക. ഭൂമിയിലെ സ്വർഗ്ഗാനുഭവം ഇതുപോലുള്ള നോമ്പുകാലത്തിന്റെ സംഭാവനയാണ്.

മനുഷ്യൻ സമൂഹജീവിയെന്നാണല്ലോ ഗ്രിക്ക് പണ്ഡിതമതം. ഇതാണല്ലോ സമൂഹം മാറുവാനോ, മാറ്റുവാനോ മനുഷ്യൻ ആഗ്രഹിക്കുന്നതും, പ്രവർത്തിക്കുന്നതും. മറ്റുള്ളവരെ രക്ഷിക്കുവാൻ പലരും പാടുപെടുകയാണ്. മതം, സഭ, സംഘടന ഇതൊക്കെ ഇതിന് ഉത്തമ ഉദാഹരണം. എന്നാൽ മനുഷ്യനിലെ നന്മയുടെ അംശം ഏറ്റവും താഴ്ന്നിരുന്ന കാലത്താണ് യേശു ജനിച്ചതും പ്രവർത്തിച്ചതും.

വ്യക്തിയെ ഉന്നം വെച്ച ആത്മപ്രഭാഷണം തന്നെ യേശു ചെയ്തു. സുവിശേഷങ്ങളുടെ സുവിശേഷം എന്നറിയപ്പെടുന്ന ഗിരിയിലെ (ഹാത്ത്മല) പ്രസംഗം - മതം സൃഷ്ടിക്കുന്ന മനുഷ്യനെയല്ല - മനുഷ്യൻ സൃഷ്ടിക്കേണ്ട മതത്തെയാണ് ഉൽഘോഷിച്ചത്. പരിതാപകരമെന്ന് പറയട്ടെ - ഇന്നലെവരെ നാം ഈ വിധത്തിൽ നാം ഇതിനെ പഠിച്ചുവോ ? മറ്റുള്ളവർക്ക് നല്ല വിശേഷമാകേണ്ട - സുവിശേഷത്തെ നാം ആ വിധത്തിൽ അവതരിപ്പിക്കുക സമീപിക്കുകയോ ചെയ്തുവോ ?

നോമ്പുകാല പുണ്യദിനങ്ങളിൽ നീതി, സ്നേഹം, വിശുദ്ധി ഈ “ത്രിഗുണം” എത്ര ശതമാനം നമ്മുടെ ഹൃദയത്തിലുണ്ടെന്ന് പരിശോധിക്കുവാൻ കഴിയുമ്പോൾ - നോമ്പുകാലം സ്വയപരിശോധനയുടെ ഫലവത്തായ കാലം. ഹൃദയത്തെ പരിശോധിക്കുന്ന വൈദ്യനായി - നോമ്പുകാലം വന്നിരിക്കുന്നു. വൈദ്യനോടും വക്കീലിനോടും കള്ളം പറയരുത്. യേശു വൈദ്യനും നമ്മുടെ അഭിഭാഷകനുമാണ് - അവനോട് ഹൃദയം തുറക്കുമ്പോൾ - നിന്റെ വിജയജീവിതം അവിടുന്ന് നിനക്കായി - പ്രത്യേകം ചാർട്ടർ ചെയ്യും. ഇതിനു പറ്റിയ കാലമാണ് നോമ്പുകാലം, എന്ന് ഓർത്തിരിക്കുക.

മോടിയോടുകൂടി വസ്ത്രം ധരിക്കുമ്പോൾ നാം ഓരോരുത്തരേയും കാണാൻ ചന്തമുണ്ട്. എന്നാൽ മനസ്സിന്റെ ചന്തമെങ്ങനെ ? വിരൂപമെങ്കിൽ എങ്ങനെ സുന്ദരമാക്കാം. ഈ വിധ ചിന്തകൾ മനസ്സിൽ താലോലിക്കുവാൻ പറ്റിയ സമയമാണ് നോമ്പുകാലം.

ജീവിതത്തിൽ നൊമ്പരങ്ങളും വേദനകളും ഇഴുകി ചേർത്തിരിക്കുന്നു എന്നതാണ് സത്യം. സ്വന്തം മുറിവുകൾക്ക് ആഴ കൂടുതൽ ഉണ്ടാവുന്നത് - നമ്മുടെ ഒക്കെ മനസ്സിന്റെ വിങ്ങൽ തന്നെ. രോഗം തുടരുമ്പോഴും ഭേദമാകുന്നതുവരെ മരുന്ന് കഴിക്കുന്നു, ക്രമേണയാണ് രോഗസൗഖ്യം. ആത്മസൗഖ്യത്തിനായി മരുന്ന് സേവിക്കുവാൻ നോമ്പുകാലത്ത് കഴിയണം. ദൈവകല്പനയനുസരിക്കുമ്പോൾ സമാധാനം ഒരു ഉറവയായി - ഹൃദയത്തിൽ പൊട്ടിവരുമെന്ന് യിസ്രായേൽ ജനതയെ ഏശയ്യ പ്രവാചകൻ ഓർമ്മിപ്പിച്ചു. ജീവിതത്തിലെ തെറ്റും ശരിയും കണ്ടെത്തുവാൻ സഹായിക്കുന്ന നോമ്പുകാലം. ഒരു കണ്ണാടിയുടെ ഭംഗിയല്ല നമ്മുടെ രൂപമാണ് നാമും കണ്ണാടി നോക്കുമ്പോൾ കാണുന്നത്- നോമ്പുകാലമെന്ന കണ്ണാടിയിലുടെ നോക്കുക, വൈരൂപ്യങ്ങൾ വ്യക്തമാകും. അൻപതു നാളുകളിലെ നോമ്പുകാല അഭ്യാസം കൊണ്ട് - ബാക്കി വരുന്ന പത്തുമാസങ്ങളെ - നമുക്ക് മനോഹരവും സുന്ദരവുമാക്കാം. നന്മയുടെ നിരവധി കുസുമങ്ങൾ വിരിയുമ്പോൾ - ശാന്തിയുടെയും സമാധാനത്തിന്റെയും നോമ്പുകാലം എന്നും അർത്ഥപൂർണ്ണമായി തുടരും.

ജീവിതത്തെ പുഴയോട് ഉപമിക്കുക പതിവാണ്. ഉറവയിൽ നിന്നും പൊട്ടി അരുവിയായി, പുഴയായി മഹാനദിയായി വളരുകയാണ് പുഴകൾ. കടന്നു പോകുന്ന മണ്ണിൽ നിന്നും. മനുഷ്യനിൽ നിന്നും പുഴകൾ പലതും സ്വീകരിക്കുന്നു. കുത്തിയൊഴുക്കിൽ ഭൂമി തന്നെ മാറുന്നു. പലപ്പോഴും മനുഷ്യൻ പലതും നദിയിലേക്ക് വലിച്ചെറിയുന്നു. പുഴയെ തടഞ്ഞ്-അണ കെട്ടുകളും- വൈദ്യുതിയുമൊക്കെ ഉണ്ടാക്കും. എന്നിട്ടും ആരോടും പരിഭവമില്ലാതെ പുഴയൊഴുകുന്നു, കാരണം പുഴയുടെ ലക്ഷ്യം - സമുദ്രത്തിൽ പതിക്കുകയെന്നതാണ്.

ക്രൈസ്തവ വിശ്വാസ ജീവിതവും ഒരു ഒഴുക്ക് തന്നെയാണ്. പുണ്യനദികൾ പോലും അഴുക്ക് ഒഴുക്കി കളഞ്ഞ് ശുദ്ധമാകുന്നതുപോലെ - നോമ്പുകാലം - മനസ്സിലെ അഴുക്കുകൾ കഴുകി കളയുന്നതിന് പറ്റിയ കാലം. പഴയ മനുഷ്യൻ മരിക്കുന്നു, എന്നതു മാത്രമല്ല പുതിയ മനുഷ്യൻ ജനിക്കുക കൂടി നോമ്പുകാലത്ത് ഹൃദയങ്ങളിൽ സംഭവിക്കുന്നു. ഇരുട്ടിനെ എതിർത്ത്-വെളിച്ചം സ്വീകരിക്കുന്ന പുതിയ മനുഷ്യൻ-ആത്മീയ മനുഷ്യനാണ്. നോമ്പുനാളുകളിൽ മനസ്സിൽ പിച്ചവെയ്ക്കുന്ന ആത്മീയത - പുതുജനനം. പുതുതായി ജനിച്ചവന് പുതിയ കണ്ണം പുതിയ കാതുമുണ്ടാകും. ഹൃദയത്തിൽ നൈർമല്ല്യം സ്ഥാനം പിടിക്കും, അപ്പോൾ നല്ല ഫലം കായ്ക്കുന്ന ആറ്ററികത്തു നിൽക്കുന്ന മരംപോലെയാകും. പുഴക്കും മരത്തിനും -എല്ലാ ജീവജാലങ്ങൾക്കും സന്തോഷമായി മനുഷ്യൻ മാറ്റും - പ്രകൃതിയെ - മനുഷ്യനെ - പരസ്പരം സ്നേഹിക്കാൻ നോമ്പുകാല പ്രതിജ്ഞകൾ പ്രേരകമാകട്ടെയെന്ന് പ്രാർത്ഥിക്കുക.

ലോകത്തെ സ്നേഹിക്കുന്നവന്, ദൈവത്തെ സ്നേഹിക്കുക എളുപ്പമല്ലന്ന് തന്റെ ദിവ്യോപദേശത്തിൽ യേശുദേവൻ സൂചിപ്പിച്ചു. ഇവിടെ വെളിവാകുന്ന പാഠം ദൈവത്തെ സ്വീകരിക്കുന്നവൻ സ്വയത്തിനെതിരായി നടപടി കൈകൊള്ളുന്നു എന്നതാണ്. നോമ്പുകാലചരണം വിവക്ഷിക്കുന്നത് ആഗ്രഹങ്ങൾ നിഗ്രഹിക്കാൻ മനുഷ്യനെ പരിശീലിപ്പിക്കുകയാണ്. ലോകമോഹങ്ങളുടെ തടവുകാരനായിരിക്കുന്നിടത്തോളം കാലം - മനുഷ്യന് പ്രത്യേകിച്ചൊരു മരണം ആവശ്യമില്ല. പാപത്തിന്റെ ശമ്പളം പറ്റി അവനെന്നേ-മരിച്ചിരിക്കുന്നു. ശരീരത്തേക്കാളുപരി - ആത്മാവിനെ - സംരക്ഷിച്ച് - നിത്യതയിലേക്കും - അനന്തജീവിതത്തിലേക്ക് എത്തിക്കുകയാണ് - മനുഷ്യന്റെ കടമ.

നാം ചെടികൾ നട്ടുവളർത്താറുണ്ട്. നല്ല ഫലം കായ്ക്കുന്ന ചെടിയെ നാം വേലി കെട്ടി സംരക്ഷിക്കുന്നു. നോമ്പുകാലത്ത് ആത്മാവിന്റെ വളർച്ചയാണ് ലക്ഷ്യം. അതിനാൽ ഹൃദയത്തിലെ ചിന്തകൾക്കും പ്രവർത്തികൾക്കും വേലികെട്ടുക. പ്രാർത്ഥനയുടെ ഉപവാസത്തിന്റെ വേലിയുടെ വലയത്തിൽ നല്ല ഫലം കായ്ക്കുന്ന ചെടികൾ വളരുമ്പോൾ - നമ്മുടെ മനസ്സിൽ പ്രവർത്തിക്കുവാൻ ദൈവം തയ്യാറാണ്. നോമ്പുകാലം ദൈവത്തിന് അവസരങ്ങൾ കൊടുക്കുന്ന കാലമാകട്ടെ. "ആരെങ്കിലും എന്റെ ശബ്ദം കേട്ട് വാതിൽ തുറന്നാൽ, ഞാൻ അവനോടുകൂടെ - വിരുന്നിരിക്കുമെന്ന് - അവിടുന്ന് അരുളി ചെയ്തുവല്ലോ" ലോകത്തെ പരിത്യജിച്ച് - ദൈവത്തെ സ്വീകരിക്കുമ്പോൾ നമ്മിൽ പുണ്യമേറുന്ന നോമ്പുകാലം സന്തോഷത്തോടെ നിറഞ്ഞുനില്ക്കും.

നിങ്ങൾ ഇക്കാലത്തെ സാമൂഹ്യസ്വഭാവം എങ്ങനെയെന്ന് ശ്രദ്ധിച്ചിട്ടുണ്ടോ ? മനുഷ്യൻ മനുഷ്യനിൽ നിന്ന് അകലുക മാത്രമല്ല, അകറ്റുന്ന ശക്തികൾ ശക്തമായി രംഗത്ത് നില്ക്കുന്നു എന്നതാണ് വാസ്തവം. അസമത്വം അറുതിയില്ലാതെ വളരുന്നു. കേവലം 300 വ്യക്തികൾ ഈ ഭൂമിയുടെ തൊണ്ണൂറ് ശതമാനം സമ്പത്ത് കയ്യടക്കിവെച്ചിരിക്കുന്നു. കയ്യടക്കിവെച്ചിരിക്കുന്നവ പങ്കുവെയ്ക്കാൻ തയ്യാറായാൽ, പല ഗുരുതര പ്രശ്നങ്ങളും പരിഹരിക്കുവാൻ നമുക്ക് സാധിക്കും. വ്യക്തിപരമായ നമ്മുടെ നിക്ഷേപത്തിന് ദൈവം യാതൊരു വിലയും കല്പിക്കുന്നില്ല. മോക്ഷമാണാഗ്രഹമെങ്കിൽ നിനക്കുള്ളത് വിറ്റ് ദരിദ്രന് കൊടുക്കുക-ഇതാണല്ലോ ഗുരുവചനം. മറ്റുള്ളവരുടെ ആവശ്യങ്ങൾക്കും അവകാശങ്ങൾക്കും നേരേ - മുഖം തിരിക്കുമ്പോൾ "നിന്നെപ്പോലെ നിനക്ക് എങ്ങനെ അയൽക്കാരനെ സ്നേഹിക്കുവാൻ" കഴിയുക!

അഞ്ച് അപ്പം കൊണ്ട് അയ്യായിരം പേരെ തൃപ്തരാക്കുവാൻ യേശു ഒരു പിഞ്ചുബാലന്റെ കൈവശമുള്ള അപ്പം ഉപയോഗപ്പെടുത്തി - വർദ്ധിപ്പിച്ചു. തന്റെ അപ്പം പങ്കുവെയ്ക്കാനുള്ള ബാലന്റെ ഹൃദയവിശാലതയിൽ യേശു കർമ്മനിരതനായപ്പോൾ - ഒരു മഹാത്ഭുതം സംഭവിച്ചു. തന്റെ അഞ്ച് അപ്പം യേശുവിന്റെ കരങ്ങളിലെത്തുക്കുവാൻ ശിഷ്യനായ അന്ത്രയോസിനെ ഏല്പിച്ച ബാലനെ - നിങ്ങളുടെ ഹൃദയത്തിൽ ഒരു നിമിഷം പ്രതിഷ്ഠിക്കുക. അവനും യേശുവും കൂടിയാണ് - അയ്യായിരം പേരെ -തൃപ്തരാക്കിയത് ! നിന്റെ മിച്ച ഭക്ഷണം - അമിത ഉപയോഗം- വിശക്കുന്നവന് നീക്കിവെയ്ക്കുന്ന നോമ്പുദിനം - നിന്റെ ജീവിത്തിലെ മഹാദിസവമായി കണക്കാക്കപ്പെടും. ഞാൻ വിശന്നിരുന്നു നീ എനിക്ക് ആഹാരം തന്നു - അതിനാൽ എന്റെ വിരുന്നുശാലയിലേക്ക് സ്വാഗതം - എന്ന് അവിടുന്ന് നമ്മോട് പറയുന്ന നിമിഷങ്ങൾക്കായി-നോമ്പുദിനത്തിൽ ടിക്കറ്റെടുത്ത് കാത്തിരിക്കുക.

"ശത്രുക്കളെ സ്നേഹിക്കുക" - യേശുദേവന്റെ മഹത് വചനമാണല്ലോ. ഇതൊക്കെ മഹാന്മാർ പറയുന്ന കാര്യമായി തള്ളികളയരുത്. വാക്കിലും പ്രവർത്തിയിലും സ്നേഹം പ്രകടമാകുമ്പോൾ ഒരുവിധത്തിൽ അല്ലെങ്കിൽ മറ്റൊരുവിധത്തിൽ അത് മനുഷ്യനെ സ്വാധീനിക്കും. സ്നേഹ വിരുദ്ധത - ചില പ്രത്യേക സാഹചര്യങ്ങളുടെ സമ്മർദ്ദഫലമാണ്. സ്നേഹശൂന്യതയിൽ നിന്ന് ക്ഷോഭവും പ്രതികാരചിന്തയും ഉടലെടുക്കും. ഇവ വളമാക്കി മനസ്സിൽ ശത്രുത വളരുന്നു.

ഹൃദയത്തെ പവിത്രമായി സൂക്ഷിക്കുമ്പോൾ നമുക്ക് ദൈവത്തെ നേരിൽ കാണാൻ കഴിയും. "ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ" - ശരീരശുദ്ധി വരുത്തി - മറ്റുള്ളവരുടെ മുന്നിൽ നാം - മനോഹരന്മാരാകുന്നു. ഹൃദയം അപ്പോഴും സംഘർഷകേന്ദ്രമായി തുടരുന്നു, കായേനും ഹാബേലും പോലെ. ഒരാൾ സ്നേഹിക്കുന്നു. മറ്റൊരാൾ വെറുക്കുന്നു. ഇതിനൊക്കെ കാരണമെന്താണ്. നന്മയെ സ്വീകരിക്കുവാൻ ഹൃദയത്തിന്റെ വിവേചനാധികാരം ഉപയോഗപ്പെടുത്തുന്നതിലെ തകരാറ്. ബുദ്ധിപൂർവ്വം ഉപയോഗപ്പെടുത്താത്ത വിവേചനാധികാരം ക്രമേണ വളഞ്ഞുനില്ക്കുന്ന ആറ്റുവക്കത്തെ ചൂരൽപോലെയാകുന്നു. ശക്തമായവ ഒഴുകിവരുമ്പോൾ - ചൂരൽ വളയുന്നു. ഹൃദയത്തിന് തിന്മയോട് പ്രതികരിക്കുന്നതിനുള്ള ശേഷി നഷ്ടമാകുന്നു. ക്രമേണ തിന്മക്ക് വിധേയനാകും. അതിനാൽ നോമ്പുകാലം നന്മയുടെ ശക്തി വർദ്ധിപ്പിക്കുന്ന - ആത്മാവിന്റെ പ്രതിരോധശക്തി വർദ്ധിപ്പിക്കുന്ന കാലമായി ഉപയോഗപ്പെടുത്തുക. ഫ്ളുവിനെതിരെ എടുക്കുന്ന - കുത്തിവെയ്പ്പ് പോലെ - ആക്രമണത്തെ - ചെറുത്ത്, ശത്രുശക്തി ബലഹീനമാക്കുന്ന - ആത്മീയ വാക്സിനേഷൻ സ്വീകരിക്കുക - നോമ്പുകാലങ്ങളിൽ.....

മറ്റുള്ളവർ കേൾക്കുകയെന്നത് അത്ര ഇഷ്ടമുള്ള കാര്യമല്ല പലർക്കും. നമ്മുടെ കാഴ്ചപ്പാടുകൾക്കെതിരെ ആരെങ്കിലും സംസാരിച്ചാൽ നമുക്ക് അരിശവും വൈരാഗ്യവും വരും. ആധുനിക കാലത്തിന്റെ മറ്റൊരു പ്രത്യേകത - ഇന്ന് സമൂഹം ഒരു സെലക്റ്റിവ് കേൾവിയിലാണ്. പരസ്പരം സംസാരിക്കുന്നതു തന്നെ ക്രമ പ്രശ്നമായി വളരുന്ന കാലം. കുടുംബ ബന്ധങ്ങൾ പോലും സംസാരവും കേൾവിയും മൂലം ശിഥിലമാകുന്ന കഥകൾ നിരവധി. എന്നാൽ മനഃശാസ്ത്രജ്ഞന്മാർ ഈക്കാര്യത്തിൽ ഒരു ചേരുതിരിവ് കാണുന്നു. പുരുഷന് വലിയ ചെവിവേണമെന്ന് പറയുന്നു!

സുവിശേഷത്തിൽ (മാർക്ക് അ: 4) നിങ്ങൾ കേൾക്കുന്നത് എന്ത് എന്ന് ശ്രദ്ധിച്ചുകൊള്ളുവിൻ എന്ന് യേശു പറഞ്ഞു. ശ്രദ്ധയോടെ കേൾക്കുന്നവരുടെ സംഖ്യവിരളമായിരിക്കുന്നു. സമൂഹത്തിന് സ്വന്തം കൈപ്പടയിൽ എഴുതി സുഖിക്കാനാണിഷ്ടം. എന്നാൽ മുഖസ്തുതി പാടുന്നവൻ താളത്തിനും രാഗത്തിനും വെളിയിൽ നില്ക്കുന്നു. നോമ്പുദിനങ്ങളിൽ വിശുദ്ധരുടെ ജീവിതത്തിലൂടെ കടന്നു പോകുക. അവർ ചിന്തിച്ചിരുന്നതുപോലെ ചിന്തിക്കാൻ ശ്രമിക്കുക. വിശുദ്ധർ വെല്ലുവിളികൾ നിറഞ്ഞ ജീവിതത്തിൽ വിറച്ചില്ല. ലോകം വിറച്ചപ്പോൾ പാറയിൽ കൈയൂന്നാൻ അവർക്ക് കഴിഞ്ഞു. ഹൃദയകടുപ്പം തീർക്കുന്ന അഹങ്കാരത്തിന്റെ പാറയിൽ തട്ടിവീഴാതെ - യേശു എന്ന ആശ്രയത്തിന്റെ പാറയിൽ കൈ കുത്തി - ഗത്സമനയിലെ യേശുവിനെപോലെ പിതാവിനെ നോക്കുക. വിനയത്തിന്റെ നോമ്പുകാലം സമാധാനത്തോടെ സമാഗതമാകും.

ദൈവത്തെ പ്രസാദിപ്പിക്കുകയും സന്തോഷിപ്പിക്കുകയുമാണ് നോമ്പുകാല ലക്ഷ്യമെന്ന് ചിലർ പറയുന്നു. നമ്മിലുള്ള ദൈവാംശത്തെക്കുറിച്ച് പ്രത്യേകാന്വേഷണം നോമ്പുദിനങ്ങളിൽ നല്ലതുതന്നെ. നമുക്ക് താല്പര്യമുള്ള കാര്യങ്ങൾ ചെയ്തുകഴിയുമ്പോൾ - സ്വയം നാം തൃപ്തരാകുന്നു. ദൈവത്തിന്റെ താല്പര്യമന്വേഷിക്കുമ്പോൾ പിതാവായ ദൈവത്തിന് തൃപ്തിവരും.

ഓരോ മനുഷ്യനും ഓരോരോ കഴിവുകളുണ്ട്. പലർക്കും വിവിധ വാസനകൾ. എന്നാൽ ഇവ നാം ഉപയോഗപ്പെടുത്തുന്ന രീതി, നമ്മുടെ ഉദ്ദേശ ശുദ്ധി, ദൈവ മുമ്പാകെ ഒരു പ്രധാന വിഷയമാണ്. നീതി വിധിക്കുന്ന ദൈവത്തിന്റെ സ്വഭാവം വെച്ച് നോക്കുമ്പോൾ നമ്മോടുള്ള പല ചോദ്യങ്ങളും പ്രയായമേറിയതാകാനാണ് സാദ്ധ്യത. അമൂല്ല്യമായത് പങ്കുവെയ്ക്കാൻ വൈമുഖ്യം കാണിക്കാരിതുന്ന പിതാവായ ദൈവത്തിന്റെ ദാനമാണ് യേശു. അടിമയുടെ പുറത്ത് കുത്തിയ ചാപ്പയിൽ അവന്റെ യജമാനന്റെ പേരാണല്ലോ. അടിമയ്ക്ക് സ്വന്തം പേരും വിലാസവുമില്ല. ഭൂമിയിൽ യേശു പ്രകടിപ്പിച്ചത് - പിതാവായ ദൈവത്തിന്റെ സ്വഭാവം. നോമ്പുദിനങ്ങളിൽ ദൈവസ്വഭാവം പ്രകടിപ്പിക്കുക. ഹൃദയവിചാരങ്ങളറിയുന്ന ദൈവസന്നിധിയിൽ ലാഭനഷ്ടങ്ങളുടെ കണക്ക് പുസ്തകം തുറന്ന് വെയ്ക്കുക. ജീവിതത്തിലെ കണക്കുകൾ ഓഡിറ്റ് ചെയ്യുന്ന കാലമായി നോമ്പുസമയങ്ങൾ ചെലവഴിക്കുമ്പോൾ - ദൈവത്തിന് താല്പര്യമുള്ള കണക്കിൽ നാം എത്ര ശ്രദ്ധിച്ചു എന്ന് കണ്ടെത്താനാവും. ലാഭവും നഷ്ടവും തട്ടിച്ച് നോക്കുക. നാമെവിടെയാണ് - ഏതു തുലാസിലാണ് - നോമ്പ് ഒരു തുലാസായി കൺമുമ്പിൽ തെളിയട്ടെ.

നോമ്പുചിന്തകൾ പടർന്ന് കയറുന്ന മനുഷ്യ മനസ്സിന്റെ ആത്മബോധം എന്തായിരിക്കണം ? ആത്മീയ ചിന്തയുടെ സ്വത്തബോധത്തിലേക്ക് നമുക്ക് പ്രവേശിക്കാനാവുമോ ? ഭൗതീകതലത്തിലെ സത്തയന്വേഷിക്കുമ്പോൾ, മനുഷ്യന് എന്ത് ലഭ്യമാകുന്നു. ഇവയിൽ നിന്ന് നാം ആരാണ് എന്ന ചോദ്യത്തിന്റെ ഉത്തരം ലഭ്യമാകുന്നു എങ്കിൽ ഇതൊരനുഭൂതിയാണ്, ഇവയിൽ ഈശ്വരാംശമുണ്ട്.

ഞാനും എന്റെ പിതാവും ഒന്ന് - ഇതവിടുന്ന് അരുളിയ വചനം. നമ്മെ അവിടുന്ന് ഈ ഒന്നിലേക്ക് ക്ഷണിക്കുന്നു. രണ്ടാവാനല്ല - ഒന്നിൽ തന്നെ ലയിക്കാൻ. ഈശ്വരചിന്തയിൽ ആഴത്തിൽ ഒരേ കത്വാനുഭവം ദിവ്യമായി സന്നിവേശിപ്പിച്ചത് നസ്രേത്തിലെ യേശു മാത്രമാണ്. ഉപമകളും ഉദാഹരണങ്ങളും നിരവധി നമുക്ക് കണ്ടെത്താൻ കഴിയും. എന്നാൽ ആത്മീയത ഹൃദയത്തിൽ സ്പന്ദിക്കുമ്പോൾ ആകാശത്തിലെ പറവകളെ നോക്കാൻ കഴിയണം. അവ വിതക്കുന്നില്ല - കൊയ്യുന്നില്ല-ശേഖരിച്ച് വെയ്ക്കുന്നില്ല - എന്നാൽ ജീവിക്കുന്നു. ജീവന്റെ നിലനില്പ് പിതാവിന്റെ കരങ്ങളിൽ. നോമ്പുവേളയിൽ അനുഭവിച്ചറിയുന്ന ഇത്തരം അപൂർവ്വ ധ്യാനവിഷയങ്ങളിലൂടെ നമുക്ക് നസ്രേത്തിലെ യേശുവിനെ കൂടുതൽ അടുത്തറിയാൻ കഴിയും. അപ്പോൾ ആത്മീയതയുടെ ആകാശമണ്ഡലം, നോമ്പുകാല വിശുദ്ധിയുടെ നക്ഷത്രങ്ങൾക്ക് ഉദിച്ചുയരാൻ കഴിയുന്നവിധത്തിൽ മനോഹരമാകും. ദൈവത്തിൽ ലയിക്കാൻ വിശുദ്ധിയോടെ വെൺമയോടെ മുന്നോട്ടു നീങ്ങുന്നതാകട്ടെ നോമ്പുകാലം.

